Rs. 10/-

**Keraleeyam**
2009 August

Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20 & 21/8/2009

• പുസ്തകപരിചയം

കെ.പി ജലീൽ

# ജലവിവേകത്തിലേക്ക് ഒരു സമഗ്രയാത്ര




ജലവിവേകത്തിലേക്ക്
രാമസ്വാമി ആർ. അയ്യർ
പ്രസാധനം: ഡി സി ബുക്സ്
വില: 130 രൂപ. പേജ്:246

ജലപ്രതിസന്ധിയെക്കുറിച്ച് ഇതുവരെ കേൾക്കാത്തവരുണ്ടാവില്ല. എന്താണ് ജലപ്രതിസന്ധി?ജലത്തിന്റെ നീതിപൂർവകമായ വിനിയോഗമാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്. പത്ത് വർഷം മുമ്പുപോലും ഇതായിരുന്നില്ല സ്ഥിതി. നാളത്തെ ലോകയുദ്ധം തന്നെ വെള്ളത്തിനുവേണ്ടിയായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു ഗവേഷകർ. ഇത്തരുണത്തിൽ വെള്ളത്തിന്റെ പ്രതിസന്ധിയെക്കുറിച്ച് ആധികാരികമായ ഒരു വിവരണം ഇതാ . കേന്ദ്ര ജലവിഭവവകുപ്പിൽ മുൻ സെക്രട്ടറിയും ഡൽഹിയിലെ സെന്റർ ഫോർ പോളിസി റിസർച്ചിൽ റിസർച്ച് പ്രൊഫസറുമായ രാമസ്വാമി ആർ അയ്യർ എഴുതിയ ജലവിവേകത്തിലേക്ക് എന്ന ഗ്രന്ഥം സമീപകാലത്ത് എന്തുകൊണ്ടും ഈ വിഷയത്തിൽ ഇറങ്ങിയ അത്യപൂർവഗ്രന്ഥം തന്നെ എന്ന കാര്യത്തിൽ സംശയമില്ല. ജലവിതരണത്തിലെ ബാലൻസ് തെറ്റൽ ആധുനിക സമൂഹത്തിൽ സംഘർഷത്തിന് വഴിവെച്ചു തുടങ്ങിയിരിക്കുന്നു. അന്തർ സംസ്ഥാന ജലംപങ്കുവെക്കൽ പ്രശ്നങ്ങൾക്ക് മാധ്യസ്ഥ്യം വഹിച്ചിട്ടുള്ള അയ്യർ സർദാർ സരോവർ പദ്ധതിയുടെയും നദീപുന:സംയോജനം, വിതരണത്തിലെ പാകപ്പിഴകൾ തുടങ്ങിയ കാര്യങ്ങളിൽ ഒരു ബ്യൂറോക്രാറ്റിന്റെ ചിന്താഗതിയിൽ നിന്ന് മാറി സമൂഹത്തിന്റെ പൊതുവായ പ്രശ്നത്തിലേക്കും പരിഹാരത്തിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി പുസ്തകത്തിൽ കാണാം.പാക്കിസ്താനുമായുള്ള നദീജലം പങ്കുവെക്കൽ, നർമദാപ്രക്ഷോഭം എന്നിവയും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. നർമദയിൽ പുനരധിവാസം ദുഷ്കരമാണെന്ന് അയ്യർ പറയുന്നു.അത് പരാജയമാണ്. പുനരധിവാസരംഗത്ത് പ്രശ്നങ്ങളുണ്ടെന്ന് സർക്കാർ അംഗീകരിച്ചതിന് തുല്യമാണ് മേൽനോട്ടസംഘത്തെ നിയമിച്ച നടപടി. നമ്മുടെ കാലഘട്ടത്തിലെ അതിശക്തയായ ഭരതീയയാണ് മേധാപട്കറെന്ന് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നു.

ലഭ്യമായ വെള്ളത്തിന്റെ സമമല്ലാത്ത വിതരണം, ഭൂഉറവുകളുടെയും നദികളുടെയും മോശമായ അവസ്ഥ, ജലകൈകാര്യകർതൃത്വത്തിന്റെ പ്രശ്നങ്ങൾ, ജലം പാഴാക്കൽ തുടങ്ങിയ അടിയന്തിരപ്രാധാന്യം അർഹിക്കുന്ന പ്രശ്നങ്ങൾ രാമസ്വാമി അയ്യർ പങ്കുവെക്കുന്നു. കേന്ദ്രസർക്കാരിൽ വകുപ്പ് കൈകാര്യം ചെയ്തതുമൂലമുള്ള വിഷയഗഹനവും ജലനയങ്ങളും നിയമങ്ങളും തത്സംബന്ധിയായ വൈവിധ്യപൂർണമായ പ്രശ്നങ്ങളും അയ്യർ പ്രതിപാദിക്കുന്നു. മനുഷ്യൻ സൃഷ്ടിച്ചതാണ് ഇന്ന് നാം നേരിടുന്ന മിക്ക ജലപ്രതിസന്ധിയുടെയും ഫലമെന്ന് അയ്യർ സമർഥിക്കുന്നു. ജലം അനൗപചാരിക വിഭാഗത്തിൽപെടുത്തുന്ന രീതിയും ശരിയല്ലെന്ന് വാദവും അയ്യർ മുന്നോട്ടുവെക്കുന്നു.ജലമാനേജ്മെന്റ് പഞ്ചായത്ത് തലത്തിലുള്ള പ്രാദേശികവിഷയമായിത്തന്നെ നിലനിൽക്കണമെന്ന് വാദിക്കുന്ന അയ്യർ , ഇതുസംബന്ധിച്ച ചർച്ചകൾക്ക് ഉദ്യോഗസ്ഥവൃന്ദത്തെ മാത്രം ആശ്രയിക്കാതെ ആക്ടിവിസ്റ്റുകളുടെയും വിപ്ലവചിന്താഗതിക്കാരുടെയും മറ്റും പങ്കാളിത്തം കൂടി ഉറപ്പുവരുത്തണമെന്ന് കൂടി അഭിപ്രായപ്പെടുന്നുണ്ട്. അധ്യാപികയായ കൊരട്ടി സ്വദേശി കെ. രമയാണ് ഇംഗ്ളീഷിലുള്ള ടുവാർഡ്സ് വാട്ടർ വിസ്ഡം എന്ന കൃതി മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നത്. വിഷയവുമായി ബന്ധപ്പെട്ട ഇംഗ്ലീഷ് പദാവലികളുടെ നേർതർജമ വായനയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നുണ്ടെങ്കിലും വിഷയത്തിന്റെ ഗഹനമായ അവതരണം അതിനെ നിസ്സാരമാക്കുന്നു.

*ചന്ദ്രിക ദിനപത്രം, തൃശൂർ*

## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം : കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 9446586943, 0487-2421385
e-mail : robinkeraleeyam@gmail.com

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod, Phone : 9446576943. E-mail : keraleeyamter@rediffmail.com